# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരും തലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. വിശ്വാസപരിശീലകർക്കുള്ള ധ്യാനം - നന്ദി

വിശ്വാസപരിശീലകർക്കുള്ള ദ്വിദിന ധ്യാനം **"GRATIA DEI"** എന്ന പേരിൽ നവംബർ, ഡിസംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ അതിരൂപതയിലെ 19 ഫൊറോനകളിലും നടത്തി. 2960 അധ്യാപകർ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനകേന്ദ്രങ്ങളിൽ എത്തി വിശ്വാസപരിശീലകരെ സന്ദർശിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്ത അഭി. മാർ. ജോസഫ് പാംപ്ലാനി പിതാവിനും ജനറാൾ അച്ചൻമാരായ മോൺ. ആന്റണി മുതുകുന്നേലച്ചനും, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും നന്ദി. ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ജെൻസൻ ലാസലെറ്റ്, ഫാ. ജെയ്സൺ കോലക്കുന്നേൽ, ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ, ഫാ. മെൽബിൻ തെങ്ങുംപള്ളിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. മാത്യു മുക്കുഴി, ഫാ. ആന്റണി കിടാരത്തിൽ എന്നിവരാണ്. ഓരോ ഫൊറോനയിലും ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയ ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, പ്രധാനാധ്യാപകർ, വിശ്വാസപരിശീലകർ എന്നിവർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി.

## 2. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

**3. പരീക്ഷാ സൂപ്പർവൈസർമാർ**

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

**3. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ**

a. പരീക്ഷ 2026 ജനുവരി 26-നു ഉച്ചയ്ക്കു 2 മണി മുതൽ 4 മണി വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തരക്കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Center Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9778194799.

**4. യാത്രയയപ്പ് മീറ്റിംഗ്**

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനകാലഘട്ടത്തിന്റെയും ലഭിച്ച ദൈവാനുഭവത്തിന്റെയും ഓർമ്മ നിലനിർത്തുന്നതിനായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**5. അസൈൻമെന്റ് - ക്ലാസ്സ് XII**

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**6. ഓൺലൈൻ മീറ്റിംഗ്**

ഡിസംബർ 15-ന് വിശ്വാസോത്സവ വർക്കുബുക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ആന്റണി കിടാരത്തിലിന്റെ അധ്യക്ഷതയിൽ ഓൺലൈൻ മീറ്റിംഗ് നടത്തി.

**7. സ്റ്റാഫ് മീറ്റിംഗ്**

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 18 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

**8. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം**

ജനുവരി 21, 22, 23 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ആസ്പെക്ട് പരീക്ഷക്കായുള്ള "ക്രൈസ്തവരും കേരള നവോദ്ധാനവും" എന്ന പുസ്തകവും ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ചോദ്യപേപ്പർ വിതരണ ദിവസം ഡയറ

ക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചും, ആസ്പെക്ട് പരീക്ഷ, Patristic Quiz, കാറ്റക്കെറ്റിക്കൽ തീർത്ഥാടനങ്ങൾ തുടങ്ങിയ പ്രോഗ്രാമുകളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 21-01-2026 ബുധൻ | 09.30 am |
| എടൂർ | 21-01-2026 ബുധൻ | 11.30 am |
| കുന്നോത്ത് | 21-01-2026 ബുധൻ | 01.30 pm |
| നെല്ലിക്കാംപൊയിൽ | 21-01-2026 ബുധൻ | 03.00 pm |
| മണിക്കടവ് | 21-01-2026 ബുധൻ | 04.30 pm |
| പൈസക്കരി | 21-01-2026 ബുധൻ | 06.30 pm |
| ചെമ്പേരി | 22-01-2026 വ്യാഴം | 09.30 am |
| ചെമ്പന്തൊട്ടി | 22-01-2026 വ്യാഴം | 11.00 am |
| വായാട്ടുപറമ്പ് | 22-01-2026 വ്യാഴം | 12.30 pm |
| ആലക്കോട് | 22-01-2026 വ്യാഴം | 02.30 pm |
| മേരിഗിരി | 22-01-2026 വ്യാഴം | 04.00 pm |
| ചെറുപുഴ | 22-01-2026 വ്യാഴം | 05.30 pm |
| തളിപ്പറമ്പ് | 22-01-2026 വ്യാഴം | 07.30 pm |
| കാഞ്ഞങ്ങാട് | 23-01-2026 വെള്ളി | 09.30 am |
| കാസർഗോഡ് | 23-01-2026 വെള്ളി | 12.00 pm |
| പനത്തടി | 23-01-2026 വെള്ളി | 02.30 pm |
| വെള്ളരിക്കുണ്ട് | 23-01-2026 വെള്ളി | 04.00 pm |
| മാലോം | 23-01-2026 വെള്ളി | 05.30 pm |
| തോമാപുരം | 23-01-2026 വെള്ളി | 07.00 pm |

**9. വിശ്വാസോത്സവം - ഏപ്രിൽ 06 മുതൽ 09 വരെ**

വിശ്വാസോത്സവം ഏപ്രിൽ 06 മുതൽ 09 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം സമയബന്ധിതമായി പൂരിപ്പിച്ച് നൽകിയ എല്ലാവർക്കും നന്ദി. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

**10. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും.



**11. അവധിക്കാല വേദപാഠം ഏപ്രിൽ 13-17**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**12. ആസ്പെക്ട് 2025-2026**

2025-2026 സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് "ക്രൈസ്തവരും കേരള നവോത്ഥാനവും" എന്ന പുസ്തകമാണ്. മാർച്ച് 09 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയായിരിക്കും എഴുത്തുപരീക്ഷ. മോഡൽ ചോദ്യങ്ങൾ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷയ്ക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**13. കാറ്റക്കിസം ക്ലാസ്സ് സമയം**

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട് ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗാമുകൾ നടത്താൻ പാടില്ല.

**14. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തു മല്ലോ.ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ,

സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 15. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2025-2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ജനുവരി മാസത്തിലെ അതിരൂപതാ വിസിറ്റ്**

**ജനുവരി 04:** ഹൊസങ്കടി, നടുവിൽ, പെരുമ്പടവ്, വരക്കാട്, ആനറ. **ജനുവരി11:** മേരിഗിരി, കാഞ്ഞിക്കൊല്ലി. **ജനുവരി 18:** പൊടിക്കളം, കാലാങ്കി. **ജനുവരി 25:** മാട്ടറ. **ഫെബ്രുവരി 08:** ശാന്തിനഗർ, **ഫെബ്രുവരി 15:** മുണ്ടാന്നൂർ. **ഫെബ്രുവരി 22:** മണിപ്പാറ.

### 16. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 17. റിട്ടയർമെന്റ്

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.



### 18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2025-2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ, വിശ്വാസോത്സവ വർക്ക്ബുക്ക്, വിശ്വാസോത്സവ അധ്യാപക സഹായി) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 19. ആദരാഞ്ജലികൾ

തലശ്ശേരി കത്തിഡ്രൽ സൺഡേസ്കൂളിലെ പ്രധാനാധ്യാപികയായ ആനി കുര്യൻ പാലക്കുന്നേൽ, മട്ടന്നൂർ സൺഡേസ്കൂൾ പ്രധാനാധ്യാപകനായ ശ്രീ. സന്തോഷ് തലച്ചിറയുടെ പിതാവായ ശ്രീ. മത്തായി തലച്ചിറ, തിരുമേനി ഇടവകയിലെ പ്രധാനധ്യാപകൻ പ്രിൻസ് ചെമ്പരത്തിയിൽ സാറിന്റെ പിതാവ് CV ജോർജ് ചെമ്പരത്തിയിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

### 20. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മാലോം, പനത്തടി, പൂളക്കുറ്റി എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കുടിയാൻമല, കരയത്തുംചാൽ സൺഡേ സ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*